# പുന്നമടക്കായലിൽ പ്ലാസ്റ്റിക് ക്ലീനിംഗ് കാമ്പയിൻ



പുന്നമടക്കായലിൽ നടന്ന പ്ലാസ്റ്റിക് ക്ലീനിംഗ് കാമ്പയിൻ

ആലപ്പുഴ: നെഹ്റുട്രോഫി വള്ളംകളിയുടെ പശ്ചാത്തലത്തിൽ പുന്നമടക്കായലിലും പരിസരത്തും അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് മാലിന്യം നീക്കംചെയ്യുന്നതിന് അശോക ട്രസ്റ്റ് ഫോർ റിസർച്ച് ഇൻ ഇക്കോളജി ആൻറ് എൻവയൺമെൻറിൻെറയും (ഏട്രീ) ഓൾ കേരള ഹൗസ്ബോട്ട് ഓണേഴ്സ് അസോസിയേഷൻെറയും ആഭിമുഖ്യത്തിൽ പ്ലാസ്റ്റിക് ശുചീകരണ യജ്ഞം സംഘടിപ്പിച്ചു.

കനാൽ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ജോയ് ജനാർദനൻ ഉദ്ഘാടനം ചെയ്തു. ഏട്രീ പ്രോജക്ട് കോ-ഓർഡിനേറ്റർ ഡോ. ലതാ ഭാസ്കർ, ഹൗസ്ബോട്ട് ഓണേഴ്സ് അസോസിയേഷൻ പ്രസിഡൻറ് സക്കറിയ, സെക്രട്ടറി രാജൻ പീറ്റർ എന്നിവർ സംസാരിച്ചു.

തുടർന്ന് നടന്ന ക്ലീനിംഗ് കാമ്പയിനിൽ ഏട്രീ പ്രോഗ്രാം ഓഫീസർമാരായ ടി.ഡി. ജോജോ, കൃഷ്ണകുമാർ, കിഷോർ, ബോട്ട് ഓണേഴ്സ് ഭാരവാഹികൾ, അധ്യാപകർ, ടൂറിസം പോലിസ് എന്നിവർ നേതൃത്വം നൽകി. ഗവ. മുഹമ്മദ് ഹയർസെക്കൻഡറി സ്കൂൾ, സെൻറ് ആൻറണീസ് സ്കൂൾ, എസ്.ഡി.വി ഹൈസ്കൂൾ, സെൻറ് ജോസഫ്സ് കോളജ്, സെൻറ് മൈക്കിൾസ് എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർഥികൾ പങ്കെടുത്തു.

ശേഖരിച്ച പ്ലാസ്റ്റിക് 35 വലിയ ചാക്കുകളിൽ നിറച്ചു. 800 കിലോയോളം പ്ലാസ്റ്റിക്കാണ് ശേഖരിച്ചത്. കായലിൽ ഒഴുകിനടന്ന പ്ലാസ്റ്റിക് അഞ്ച് വള്ളത്തിലായാണ് സംഘം ശേഖരിച്ചത്.

## ചതയം ജലോൽസവം: ആറന്മുള പള്ളിയോടങ്ങളുടെ ട്രാക്കും ഹീറ്റ്സും നിശ്ചയിച്ചു

ചെങ്ങന്നൂർ: അടുത്തമാസം നാലിന് പമ്പയാറ്റിൽ ചെങ്ങന്നൂർ മുണ്ടൻകാവ് ഇറപ്പുഴ നെട്ടായത്തിൽ നടക്കുന്ന ചതയം ജലോൽസവത്തിൽ പങ്കെടുക്കുന്ന ആറന്മുള പള്ളിയോടങ്ങളുടെ ട്രാക്കും ഹീറ്റ്സും നിശ്ചയിച്ചു.

യോഗം നഗരസഭാ ചെയർമാൻ രാജൻ കണ്ണാട്ട് ഉദ്ഘാടനം ചെയ്തു. എ ബാച്ച് പള്ളിയോടങ്ങളുടെ നറുക്കെടുപ്പ് ചെങ്ങന്നൂർ ആർ.ഡി.ഒ പ്രസന്നകുമാര കൈമളും ബി ബാച്ച് പള്ളിയോടങ്ങളുടെ നറുക്കെടുപ്പ് ഡിവൈ.എസ്.പി ബി.രവീന്ദ്രപ്രസാദും നിർവഹിച്ചു.

എ ബാച്ചിൽ ഒന്നാം പാദത്തിൽ ഇടനാടും മുണ്ടൻകാവും രണ്ടാംപാദത്തിൽ കീഴ്വൻമഴി, കീഴ്ചേരിമേൽ, മൂന്നാംപാദത്തിൽ പ്രയാർ, വെൺപാല, നാലാം പാദത്തിൽ ഓതറ, ഉമയാറ്റുകര എന്നീ പള്ളിയോടങ്ങൾ ഒന്നും രണ്ടും ട്രാക്കുകളിൽ മാറ്റുരക്കും.

ബി ബാച്ചിൽ ഒന്നാംപാദത്തിൽ കോടിയാട്ടുകര, കടപ്ര, രണ്ടിൽ വൻമഴി തൈമറവുംകര, മൂന്നിൽ മംഗലം, മുതവഴി എന്നീ പള്ളിയോടങ്ങൾ യഥാക്രമം ഒന്നും രണ്ടും ട്രാക്കുകളിൽ മൽസരിക്കും.

## കെ.ടി.ഡി.സി പായസമേള നാളെ മുതൽ

ആലപ്പുഴ: ഓണാഘോഷ ഭാഗമായി കെ.ടി.ഡി.സി ആലപ്പുഴയിൽ പായസമേള സംഘടിപ്പിക്കും. നാളെ മുതൽ ഡി.ടി.പി.സി ഓഫീസിന് സമീപം പ്രത്യേക കൗണ്ടറിൽ നിന്നും കളപ്പുര മോട്ടൽ ആരാമിൽ നിന്നും പായസം ലഭിക്കും. മേളയുടെ ഉദ്ഘാടനം രാവിലെ 10ന് കെ.സി. വേണുഗോപാൽ എം.പി നിർവഹിക്കും. നഗരസഭാ ചെയർമാൻ പി.പി. ചിത്തരഞ്ജൻ പായസ വിൽപന ഉദ്ഘാടനം ചെയ്യും.

പാലടപ്രഥമൻ, അടപ്രഥമൻ, പരിപ്പ് പായസം, പഴം പ്രഥമൻ, ഗോതമ്പുപ്രഥമൻ തുടങ്ങിയ പായസങ്ങൾ ഒരുലിറ്റർ -150 രൂപ, അരലിറ്റർ -80 രൂപ, ഒരുകപ്പ് -15 രൂപ എന്നീ നിരക്കുകളിൽ ലഭിക്കും. ഉത്രാടനാളിലും തിരുവോണ നാളിലും വിഭവ സമൃദ്ധ ഓണസദ്യയും കളപ്പുരയിലുള്ള കെ.ടി.ഡി.സിയിൽ ഒരുക്കിയിട്ടുണ്ട്.